(ബി) ഉണ്ട്

(സി) ഗവേഷണ നേട്ടങ്ങളുടെ ഫലമായി എഴുപത്തി ഏഴ് പുതിയ ഇനങ്ങൾ വിവിധ വിളകളിലായി പുറത്തിറക്കിയിട്ടുണ്ട്. കാർഷിക സർവകലാശാല ഉരുത്തിരിച്ചെടുത്ത ലളിതമായ തേങ്ങപൊളിക്കൽ യന്ത്രം, ചക്കപറിക്കൽയന്ത്രം എന്നിവയുടെ ഉപയോഗം കർഷകരുടെ ഇടയിൽ വർധിച്ചിട്ടുണ്ട്. ജൈവ നിയന്ത്രണ രീതിയിൽ ആഫ്രിക്കൻ പായലിനെ നശിപ്പിക്കാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമായി കാണേണ്ടതാണ്. ടിഷ്യു കൾച്ചർവഴി വികസിപ്പിച്ചെടുത്ത നടീൽ വസ്തുക്കളും കർഷകരുടെ ഇടയിൽ പ്രചരിച്ചു വരുന്നുണ്ട്.

17 (*450) പഴവർഗ്ഗങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :
<u>ശ്രീ. പി.വിശ്വൻ</u> :
<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി സാധനങ്ങളിലെ അമിത കീടനാശിനി പ്രയോഗവും മായം ചേർക്കലും കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വില്പന നടത്തിവരുന്ന പഴവർഗ്ഗങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും മറ്റും എത്തിച്ച് വില്പന നടത്തുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും ആകർഷണീയത വർധിപ്പിക്കുവാനും അഴുകിപ്പോകാതിരിക്കുവാനും വളരെ മാരകമായ രാസവസ്തുക്കൾ പ്രയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നുവെളിപ്പെടുത്തുമോ;

(ഇ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുമോ; എങ്കിൽ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u>) :

(എ) അമിത കീടനാശിനിപ്രയോഗവും മായം ചേർക്കലും കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നിയമ സംവിധാനമൊന്നും കൃഷിവകുപ്പിൽ നിലവിലില്ല.

(ബി) കൃഷിവകുപ്പിൽ ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇക്കാര്യം ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

423/2010.

LIBRARY ARCHIVES Kerala Legislative Assembly